പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 732** **29-10-2019-ൽ മറുപടിക്ക്**

## വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ടി. തോമസ്<br>,, വി.ടി.ബൽറാം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായ പ്രളയം വിനോദസഞ്ചാര മേഖലയെ ബാധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് തുടർച്ചയായി സംഭവിച്ചിട്ടുള്ള പ്രളയം വിനോദസഞ്ചാര മേഖലയുടെ വരുമാനത്തിൽ മാന്ദ്യം സൃഷ്ടിച്ചിരുന്നു. പ്രളയത്തിന് ശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.<br>ഇതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| (ബി) | സംസ്ഥാനത്തിന്റെ ആഭ്യന്തര വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരവധി പദ്ധതികൾ ആഭ്യന്തര വിനോദ സഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• മലനാട്- മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി |

| | | | |
|---|---|---|---|
| | | | • മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം.)<br>• തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം.)<br>• ആലപ്പുഴ ഹെറിറ്റേജ് പദ്ധതി<br>• ആലപ്പുഴ ഹൗസ്ബോട്ട് ട്രാക്കിംഗ് സിസ്റ്റം<br>• "ഗ്രീൻ കാർപ്പറ്റ്" സ്കീം<br>• കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി.<br>• ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി<br>• ഉത്തരവാദിത്ത ടൂറിസം പദ്ധതി<br>• ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്<br>• കോവളത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി<br>• വർക്കലയുടെ സമഗ്ര വികസന പദ്ധതി<br>• വേളിയുടെ സമഗ്ര വികസന പദ്ധതി<br>• വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ<br>• ധർമ്മടം- മുഴുപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്രവികസന പദ്ധതി<br>• തലശ്ശേരി പൈതൃക പദ്ധതി. |

| | | |
|---|---|---|
| | | ടൂറിസം വികസനത്തിനായി ഒരു സമഗ്ര ടൂറിസം നയം ഇതിനോടകം പ്രഖ്യാപിച്ചു കഴിഞ്ഞു. ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും മികച്ച ടൂറിസം കേന്ദ്രമാക്കി കേരളത്തെ വളർത്താനും ഉതകുന്ന രീതിയിൽ "ടൂറിസം റഗുലേറ്ററി അതോറിറ്റി ഓഫ് കേരള" രൂപീകരിക്കാനുള്ള നടപടി ക്രമങ്ങൾ മുന്നേറിക്കഴിഞ്ഞു. ടൂറിസം രംഗത്തെ സാധ്യതകൾ മുൻകൂട്ടിക്കാണാനും മികച്ച രീതിയിലെ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കുമായി ടൂറിസം അഡ്വൈസറി സമിതി ഉണ്ടാക്കി.<br>വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ വഴിയും നൂതന ടൂറിസം പദ്ധതികൾ വകുപ്പ് സംഘടിപ്പിച്ചു വരുന്നുണ്ട്. ഉത്തരേന്ത്യൻ, മറ്റ് ദക്ഷിണേന്ത്യൻ സഞ്ചാരികൾ, എന്നിവരെ കേരളത്തിലേക്ക് ആകർഷിക്കാൻ ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ, തുടങ്ങിയ വിവിധ ക്യാമ്പയിനുകൾ നടത്തി. നൂതന ആശയങ്ങൾ ഉൾക്കൊള്ളുന്ന വിവിധ നാഷണൽ ട്രേഡ് ഫെയറുകളിലും ടൂറിസം മേളകളിലും കേരള ടൂറിസം സജീവ സാന്നിധ്യമാകുന്നുണ്ട്. മികച്ചതും നൂതനവുമായ പരസ്യ ക്യാമ്പയിനായ "Human by Nature" ഈ വർഷം വകുപ്പ് നടപ്പിലാക്കി വരുന്നു.<br>ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിനായി ഓണം/ നിശാഗന്ധി/ ഡാൻസ്/ മൺസൂൺ രാഗാസ് സംഗീതോൽസവം/ വസന്തോൽസവം (പുഷ്പമേള കനകക്കുന്നിൽ) ഫെസ്റ്റിവൽ പ്രോത്സാഹിപ്പിച്ച് വരുന്നു. ഇതിനും പുറമെ രാജ്യത്തിനകത്ത് വിവിധ വിപണികൾ |

| | | | |
|---|---|---|---|
| | | | കേന്ദ്രീകരിച്ച് വകുപ്പ് ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചു വരുന്നു. ദേശീയതലത്തിലുള്ള ബ്ലോഗർമാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ബ്ലോഗ് എക്സ്പ്രസ് എന്ന ആശയവും ആഭ്യന്തര ടൂറിസം രംഗത്ത് പുതിയ ഒരു ആശയം തന്നെയാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ്, നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ എന്നിവ ആഭ്യന്തര ടൂറിസം വികസനം മുന്നിൽ കണ്ടാണ് നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**